൨൩൩൭൨
൨൩/൧൨/൧൯

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല, ചിറ്റൂർ, പെരുമാട്ടി, വിളയോടി പി ഒ, മുതലാംതോട് ശ്രീമതി. സുധാകലയുടെ മകൾ കുമാരി ഹരിഷ്മയ്ക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ. 381/2019/റവ. തിരുവനന്തപുരം, തീയതി, 21.12.2019

---

പരാമർശം :- 1. 01/12/2015 ലെ ജി ഒ (എം എസ്) : 636/2015/റവ സർക്കാർ ഉത്തരവ്.
2. ശ്രീമതി സുധാകല സമർപ്പിച്ച നിവേദനം .

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ശ്രീമതി. സുധാകലയുടെ മകൾ കുമാരി ഹരിഷ്മയ്ക്ക് ഒരു വർഷത്തേയ്ക്കുള്ള ഹോർമോൺ ചികിത്സയ്ക്ക് ആയി പരാമർശം (1) പ്രകാരം 1,65,282/-(ഒരു ലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ തന്റെ മകളുടെ തുടർ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ശ്രീമതി. സുധാകലയുടെ മകൾ കുമാരി ഹരിഷ്മയ്ക്ക് ഒരു വർഷത്തേയ്ക്കുള്ള തുടർ ചികിത്സയ്ക്ക് ആവശ്യമായി വരുന്ന 3,12,000/- രൂപ (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന **3,12,000/- രൂപ (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി.വേണു
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ